"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവെച്ചിട്ടുള്ള മാനേജ്മെന്റുകളിൽ, ഭിന്നശേഷി സംവരണ നിയമത്തിന് വിധേയമായി താത്കാലികമായി (പ്രൊവിഷണലായി ശമ്പള സ്കെയിലിൽ /ദിവസവേതനം) ജോലി ചെയ്യുന്ന ജീവനക്കാരെ, ശമ്പള സ്കെയിലിൽ ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

G.O.(Ms)No.31/2026/GEDN തീയതി,തിരുവനന്തപുരം, 18-02-2026

---

പരാമർശം:-

1. 18/11/2018-ലെ സ.ഉ.(പി) നം 18/2018/എസ്.ജെ.ഡി. നമ്പർ സർക്കാർ ഉത്തരവ്.
2. 08/11/2021-ലെ സ.ഉ.(പി)നം.19/2021/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.
3. 25/06/2022 ലെ സ.ഉ.(കൈ) നം.111/2022/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ്
4. ഡബ്ല്യു.പി (സി) നം.19808/2021 ഉൾപ്പെടെയുള്ള കേസുകളിൽ 10/08/2022 ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
5. റിട്ട് അപ്പീൽ 1445/2022 തുടങ്ങിയ കേസുകളിൽ 13/03/2023ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
6. 24/03/2023 ലെ സ.ഉ.(കൈ) നം.29/2023/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.
7. ബഹു സുപ്രീംകോടതി എസ്.എൽ.പി(സി)നം. 9566/2023 & അനുബന്ധ ഹർജികളിൽ പുറപ്പെടുവിച്ച ഉത്തരവുകൾ.
8. നായർ സർവീസ് സൊസൈറ്റി ഫയൽ ചെയ്ത എസ്.എൽ.പി. (സി) നം.11373/2024 നമ്പർ ഹർജിയിൽ ബഹു. സുപ്രീം കോടതി 04.03.2025 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്.
9. 17/03/2025 ലെ സ.ഉ. (കൈ) നം.43/2025/പൊ.വി.വ. സർക്കാർ ഉത്തരവ്.
10. 24/03/2025 ലെ സ.ഉ.(കൈ) നം.45/2025/പൊ.വി.വ. സർക്കാർ ഉത്തരവ്.
11. 28/06/2025 ലെ സ.ഉ.(കൈ) നം.123/2025/പൊ.വി.വ. സർക്കാർ ഉത്തരവ്.

12. 28.03.2025 ലെ ബഹു. ഹൈക്കോടതിയുടെ W.P.(C) No. 12869/2025 ലെ വിധിന്യായം.
13. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.01.2026 തീയതിയിലെ ഡി.ജി.ഇ/ 13618 / 2025-H2-part(1) നമ്പർ കത്ത്.
14. 11.02.2026 തീയതിയിലെ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം.

**ഉത്തരവ്**

സംസ്ഥാനത്തെ എയ്ഡഡ് പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പാക്കി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (3) പ്രകാരം മാർഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചു. ഇതിനെത്തുടർന്ന്, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണ നിയമം നടപ്പാക്കുന്നതിനായി ആവശ്യമായ നിർദേശങ്ങൾ മാനേജർമാർക്ക് നൽകുവാൻ സംസ്ഥാന സർക്കാരിന് നിർദേശം നൽകണമെന്ന് ആവശ്യപ്പെട്ട് നാഷണൽ ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് എന്ന സംഘടന ഹൈക്കോടതിയിൽ ഡബ്ല്യു.പി (സി) നം.19808/2021 നമ്പർ ഹർജി ഫയൽ ചെയ്തു. എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ 07.02.1996 മുതൽ കേഡർ സ്ട്രെങ്ങ്തിന്റെ ആകെ ഒഴിവുകളുടെ 3 ശതമാനവും, 19.04.2017 മുതൽ കേഡർ സ്ട്രെങ്ങ്തിന്റെ ആകെ ഒഴിവുകളുടെ 4 ശതമാനവും ഭിന്നശേഷി വിഭാഗക്കാരുടെ നിയമനത്തിനായി മാറ്റി വെയ്ക്കണമെന്ന് പരാമർശം (4)-ലെ വിധിയിൽ ബഹു. കോടതി നിർദേശിച്ചു. പ്രസ്തുത വിധിയ്ക്കെതിരെ ഫയൽ ചെയ്ത അപ്പീലുകൾ ബഹു ഹൈക്കോടതി പരിഗണിക്കുകയും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 18.11.2018 മുതൽ 08.11.2021 വരെ ഭിന്നശേഷി നിയമനത്തിനായി മാറ്റിവെച്ചിട്ടുള്ള ഒഴിവുകളിൽ നിയമിച്ചവരെ, അവയെ താൽക്കാലിക ഒഴിവുകളായി കണക്കാക്കി പ്രൊവിഷണലായി ശമ്പള സ്കെയിലിൽ അംഗീകാരം നൽകാൻ വിദ്യാഭ്യാസ അധികാരികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു. അത്തരം നിയമനങ്ങൾക്ക് റെഗുലർ ജീവനക്കാർ (ഭിന്നശേഷി വിഭാഗത്തിലുള്ളവർ) ജോലിയിൽ പ്രവേശിക്കുന്നത് വരെയേ നിലനിൽപ്പുള്ളൂ. എയ്ഡഡ് സ്കൂളുകളിൽ 18.11.2018 മുതൽ 08.11.2021 വരെയുള്ള ഒഴിവുകളിൽ നിയമനം ലഭിച്ചിട്ടുള്ള അധ്യാപകരുടെ താത്പര്യം സംരക്ഷിക്കുന്നതിനുള്ള മറ്റു നിർദേശങ്ങളും നൽകി. 08.11.2021 ന് ശേഷം ഉണ്ടായ ഒഴിവുകൾ സിംഗിൾ ബെഞ്ചിന്റെയും ഡിവിഷൻ ബെഞ്ചിന്റെയും വിധിന്യായത്തിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങൾ പൂർണമായും പാലിക്കുന്നതുവരെ ദിവസ വേതന അടിസ്ഥാനത്തിൽ നികത്തുവാനും നിർദേശം നൽകി. ബഹു. കോടതി വിധിയുടെ പശ്ചാത്തലത്തിൽ സർക്കാർ പരാമർശം (6) ഉത്തരവ് പുറപ്പെടുവിച്ചു.

**2)** ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (5) വിധിയെ ചോദ്യം ചെയ്ത് ബഹു. സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ സമർപ്പിച്ചു. അധ്യാപകരുടെ നിയമന അംഗീകാരവുമായി ബന്ധപ്പെട്ടും ബഹു. സുപ്രീം കോടതി പരാമർശം (7) പ്രകാരം ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിച്ചു. ഭിന്നശേഷി നിയമനത്തിനായി ഹൈക്കോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിക്കാൻ സംസ്ഥാന സർക്കാരിനോടും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ്മെന്റുകളോടും നിർദ്ദേശിച്ചു. ഭിന്നശേഷി ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ മതിയായ ഒഴിവുകൾ ഉണ്ടെങ്കിൽ, ശമ്പള സ്കെയിലിൽ പ്രൊവിഷണലായി നിയമിച്ചിട്ടുള്ള അധ്യാപകരെ ഒഴിവാക്കരുതെന്നും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. തുടർന്ന് ഭിന്നശേഷി സംവരണം നടപ്പാക്കുന്നത് സംബന്ധിച്ചും എയ്ഡഡ് സ്കൂളുകളിലെ അധ്യാപക, അനധ്യാപക ജീവനക്കാരുടെ നിയമനത്തിന്

അംഗീകാരം നൽകുന്നത് സംബന്ധിച്ചും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

3) ബഹു. സുപ്രീം കോടതിയുടെ നിർദേശാനുസരണം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിക്കാരെ തിരഞ്ഞെടുക്കുന്നതിനും നിയമിക്കുന്നതിനുമുള്ള കമ്മിറ്റികളുടെ രൂപീകരണം, അവയുടെ പ്രവർത്തനങ്ങൾ, കടമകൾ, ഉത്തരവാദിത്തങ്ങൾ, പ്രവർത്തനരീതി എന്നിവ സംബന്ധിച്ച് 19.12.2023-ൽ സർക്കാർ സുപ്രീം കോടതിയിൽ വിശദമായ ഒരു നിർദ്ദേശം സമർപ്പിച്ചു. ആയത് ബഹു. കോടതി അംഗീകരിക്കുകയും തദനുസരണം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് സംസ്ഥാനതല സമിതിയും ജില്ലാതല സമിതികളും രൂപീകരിച്ചു കൊണ്ടും ചുമതലകൾ നിശ്ചയിച്ചു കൊണ്ടും പരാമർശം (10),(11) എന്നിവ പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചു.

4) നായർ സർവീസ് സൊസൈറ്റി ഫയൽ ചെയ്ത 11373/2024 സ്പെഷ്യൽ ലീവ് പെറ്റീഷനിൽ ബഹു. സുപ്രീം കോടതി 04.03.2025 തീയതിയിൽ പുറപ്പെടുവിച്ച പരാമർശം (8) ലെ ഉത്തരവ് പ്രകാരം നായർ സർവീസ് സൊസൈറ്റി നൽകിയ അപ്പീൽ അനുവദിക്കുകയും സൊസൈറ്റിയുടെ കീഴിലുള്ള സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിന് മാറ്റിവെച്ചിട്ടുള്ള തസ്തികകൾ ഒഴികെ മറ്റ് ഒഴിവുകളിൽ റഗുലർ സ്ഥിര നിയമനം നടത്തുവാൻ അനുമതി നൽകുകയും, കൂടാതെ ഹർജിക്കാരും സമാന സൊസൈറ്റികളും ഭിന്നശേഷി നിയമനത്തിനായുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും ബഹു. കോടതി നിർദ്ദേശിച്ചു.

5) 13-10-2025 ന് ചേർന്ന ഉന്നതതല യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നായർ സർവീസ് സൊസൈറ്റി ഫയൽ ചെയ്ത എസ്.എൽ.പി. (സി) നം.11373/2024- നമ്പർ ഹർജിയിൽ 04.03.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം, ഭിന്നശേഷി നിയമനത്തിനായി ആവശ്യമായ തസ്തികകൾ നീക്കിവെച്ചിട്ടുള്ള മറ്റ് എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾക്ക് കൂടി ബാധകമാക്കുന്നതിന് അനുമതി തേടുന്നതിനായി സർക്കാർ ബഹു സുപ്രീം കോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്തു. നിലവിൽ ആയത് ബഹു. കോടതിയുടെ പരിഗണയിലാണ്.

6 ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികളുടെ നിയമനത്തിനായി ബഹു. സുപ്രീം കോടതിയുടെ നിർദേശാനുസരണം രൂപീകരിച്ച ജില്ലാതല സമിതികൾ മുഖേനയുള്ള നിയമനത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കുകയും സെക്കൻഡറി തലം വരെ 431 ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകുകയും രണ്ടാംഘട്ടം ആരംഭിച്ച സാഹചര്യത്തിലും W.P.(C) No. 12869/2025 ലെ വിധിന്യായത്തിൽ, N.S.S മാനേജ്മെന്റുകൾക്ക് ബഹു. സുപ്രീം കോടതി അനുവദിച്ച ആനുകൂല്യത്തിന് ഈ റിട്ട് ഹർജിയിലെ ഹർജിക്കാരും അർഹരാണെന്ന് പരാമർശം (12) പ്രകാരം ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിലും ബഹു. സുപ്രീം കോടതിയിൽ നിന്ന് NSS ന ലഭിച്ച വിധിന്യായത്തിന്റെ ആനുകൂല്യം മറ്റു സമാന മാനേജമെന്റുകൾക്കും നൽകുന്ന കാര്യത്തിലുള്ള അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം സർക്കാർ ഒരിക്കൽ കൂടി തേടുകയുണ്ടായി.

7) സംസ്ഥാനത്തിനുവേണ്ടി ബഹു. സുപ്രീം കോടതിയിൽ ഹാജരാകുന്ന മുതിർന്ന അഭിഭാഷകരുമായി സ്റ്റാൻഡിങ് കൗൺസിൽ ഈ വിഷയം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനുകളുടെ തീരുമാനത്തിന് വിധേയമായി, ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിത തസ്തികകൾ മാറ്റി വെച്ചിട്ടുള്ള മറ്റ് മാനേജ്മെന്റുകളുടെ കീഴിലുള്ള സ്കൂളുകളിലും താത്കാലികമായി ജോലി ചെയ്യുന്ന അധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിന് നിർദേശം നൽകിക്കൊണ്ട് സർക്കാരിന് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമെന്ന് അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടുണ്ട്. എന്നാൽ ബഹു. സുപ്രീം

കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ സമർപ്പിച്ച 442 അധ്യാപകരുടെ റഗുലറൈസേഷൻ ബഹു. സുപ്രീം കോടതിയുടെ അന്തിമ തീരുമാനം വരെ നിർത്തിവയ്ക്കേണ്ടതാണെന്നും നിയമോപദേശം നൽകിയിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ അനുമതിയില്ലാതെ ഈ അധ്യാപകരെ റെഗുലറൈസ് ചെയ്യുന്നത് കോടതിയലക്ഷ്യത്തിന് തുല്യമായിരിക്കും എന്നും ഉപദേശിച്ചിട്ടുണ്ട്.

**8)** മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ബഹു. സുപ്രീം കോടതിയുടെ നിർദേശാനുസരണം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്കായുള്ള ജില്ലാതല സമിതികൾ മുഖേനയുള്ള നിയമന നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്ന സാഹചര്യത്തിലും ഇത് സംബന്ധിച്ച നടപടി റിപ്പോർട്ട് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള സാഹചര്യത്തിലും ഭിന്നശേഷി നിയമന വ്യവസ്ഥകൾ ചട്ടപ്രകാരം പാലിക്കുന്ന മാനേജ്മെന്റുകളിൽ നിരവധി വർഷങ്ങളായി താത്കാലികമായി തുടരുന്ന അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ ക്രമീകരിക്കേണ്ടത് മാനുഷിക പരിഗണന അർഹിക്കുന്ന വിഷയമായതിനാലും പരാമർശം (14) ലെ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് താത്കാലികമായി തുടരുന്ന എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് റഗുലർ നിയമനം നൽകുന്നത് സംബന്ധിച്ച്, ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന ഹർജികളിൽ അന്തിമ വിധിയ്ക്ക് വിധേയമായി താഴെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

A) എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള സർക്കാർ നിർദേശങ്ങൾ പ്രകാരം ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവെച്ചിട്ടുള്ള മാനേജ്മെന്റുകളിൽ, ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് താത്കാലികമായി (പ്രൊവിഷണലായി ശമ്പള സ്കെയിലിൽ/ദിവസവേതനം) ജോലി ചെയ്യുന്ന ജീവനക്കാരെ, ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനുകളുടെ അന്തിമ വിധിയ്ക്ക് വിധേയമായി, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ശമ്പള സ്കെയിലിൽ ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഓഫീസർമാർക്കു നിർദ്ദേശം നൽകുന്നു.

B ) ഭിന്നശേഷി നിയമനത്തിനായി ആവശ്യമായ തസ്തികകൾ നീക്കിവെച്ചിട്ടുള്ള എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾക്ക് കൂടി എൻ.എസ്.എസ്സിന് ലഭിച്ച വിധിന്യായത്തിന്റെ ആനുകൂല്യം ബാധകമാക്കുന്നതിന് അനുമതി തേടുന്നതിനായി സർക്കാർ ബഹു. സുപ്രീം കോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്തുവെങ്കിലും എസ്.എൽ.പി (സി) 9566/2023 & അനുബന്ധ കേസുകളിൽ ഹർജിക്കാരായ 442 പേരെ നിലവിൽ റഗുലറൈസ് ചെയ്യുന്നത് കോടതിയലക്ഷ്യത്തിന് തുല്യമായിരിക്കും എന്ന നിയമോപദേശം കണക്കിലെടുത്ത് അവരുടെ നിയമന ക്രമീകരണ നടപടികൾ മേൽ ഹർജികളിൽ അന്തിമ വിധി വന്നതിന് ശേഷം തദനുസരണം സ്വീകരിക്കാവുന്നതാണ്.

C) ഭിന്നശേഷിക്കാരെ നിയമിക്കുന്നതിനായി മാറ്റി വച്ചിട്ടുള്ള തസ്തികകളിൽ അവരെ നിയമിക്കുന്നതിനുള്ള നടപടികൾ കോടതി വിധി പാലിച്ചുകൊണ്ട് മാനേജ്മെന്റ് സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ മാനേജ്മെന്റ് നടത്തുന്ന എല്ലാ നിയമനങ്ങൾക്കും മേൽ ബഹു. സുപ്രീം കോടതി വിധി ബാധകമായിരിക്കും. ഭിന്നശേഷി നിയമനത്തിനായി ഇനിയും തസ്തികകൾ വിട്ടു നൽകാത്ത മാനേജർമാർ അടിയന്തരമായി ബഹു. സുപ്രീം കോടതിയുടെ നിർദേശങ്ങൾക്കനുസൃതമായി തസ്തികകൾ വിട്ടുനൽകേണ്ടതാണ് എന്ന് കർശന നിർദേശം നൽകുന്നു.

D) എയ്ഡഡ് സ്കൂളുകളിൽ യോഗ്യതയുള്ള ഭിന്നശേഷി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തു

നിയമിക്കുന്നതിനായി പരാമർശം (10), (11) പ്രകാരം രൂപീകരിച്ച ജില്ലാതല സമിതികളുടെ രണ്ടാം ഘട്ട പ്രവർത്തനം അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള കർശന നിർദേശം നൽകുന്നു.

E) മുൻ ഖണ്ഡിക 8 A യിൽ പറഞ്ഞിട്ടുള്ള നിയമന അംഗീകാര പ്രൊപ്പോസലുകൾ തീർപ്പാക്കുന്നതിന് ചുവടെ ചേർക്കുന്ന നിർദേശങ്ങളും പുറപ്പെടുവിക്കുന്നു:

- ഓരോ ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ അവരുടെ കീഴിലുള്ള സ്കൂളുകളിലെ നിയമന അംഗീകാര പ്രൊപ്പോസലുകൾ, സർക്കാരും വകുപ്പും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും മാർഗനിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് **2 ആഴ്ചയ്ക്കകം** തീർപ്പുകല്പിക്കേണ്ടതാണ്. (04.03.2026 നകം).
- അതിനു ശേഷവും തീർപ്പാക്കാനുള്ള കേസ്സുകൾ ഉപജില്ലാ വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ അദാലത്തുകൾ നടത്തി ഒരാഴ്ചക്കകം തീർപ്പാക്കേണ്ടതാണ്. (12.03.2026 നകം).
- പിന്നെയും അവശേഷിക്കുന്ന കേസ്സുകൾ ഉണ്ടെങ്കിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ അദാലത്ത് സംഘടിപ്പിച്ച് ഒരാഴ്ചക്കകം തീർപ്പാക്കേണ്ടതാണ്. (20.03.2026 നകം).
- അതിലും പരിഹാരംകാണാത്ത കേസ്സുകൾ ഉണ്ടെങ്കിൽ ആയത് സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതും പൊതുവിദ്യാഭ്യാസ സെക്രട്ടറി തലത്തിൽ പരിശോധിച്ച് ഒരാഴ്ചക്കകം തീർപ്പാക്കേണ്ടതുമാണ്. (28.03.2026 നകം).
- 2 ആഴ്ചയിൽ ഒരിക്കലുള്ള പുരോഗതി റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിക്കേണ്ടതാണ്.

**9)** ഇത് സംബന്ധിച്ച വിശദമായ മാർഗനിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Dr Vasuki K **I** A S
SECRETARY

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (ഹയർ സെക്കൻ്ററി വിഭാഗം) പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, അഡീഷണൽ ഡയറക്ടർമാർക്കും, ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പൊതുവിദ്യാഭ്യാസ വകപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
B Harikumar
Date: 18-02-2026 17:42:24
സെക്ഷൻ ഓഫീസർ